പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5770 09-07-2012 -ൽ മറുപടിക്ക്

## കലാലയങ്ങളെ താവളമാക്കി അക്രമപ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.പി.അബ്ദുസ്സമദ് സമദാനി<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.സി.മോയിൻകുട്ടി<br>ശ്രീ.കെ.എം.ഷാജി | പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ വിദ്യാർത്ഥി സംഘടനകളുടെ മറവിൽ അക്രമി സംഘങ്ങൾ വിവിധ കാലാലയങ്ങൾ താവളമാക്കുകയും വിദ്യാർത്ഥികളെയും വഴിയാത്രക്കാരെയും ഭീഷണിപ്പെടുത്തി പണപ്പിരിവ് നടത്തുകയും അവരെ ആക്രമിക്കുകയും ചെയ്യുന്ന സംഭവങ്ങൾ ഗൌരവപൂർവ്വം വീക്ഷിക്കുമോ; കലാലയങ്ങൾ താവളമാക്കി പോലീസിനെ ആക്രമിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) കോളേജ് വിദ്യാഭ്യാസ വകുപ്പ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, കണ്ണൂർ സർവ്വകലാശാല, സംസ്കൃത സർവ്വകലാശാല, ന്യുവാൽസ്, കുസാറ്റ് എന്നീ വകുപ്പുകളുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ ഇത്തരത്തിലുള്ള സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല. കേരള, എംജി, കാലികറ്റ് സർവ്വകലാശാലകളിൽ നിന്നുള്ള വിവരം ശേഖരിച്ച് വരുന്നു. |
| ബി) പ്രസ്തുത കലാലയങ്ങളിലെ വിദ്യാർത്ഥികൾ ഈ അക്രമി സംഘങ്ങളുടെ നിഴലിലായതിനാൽ പരാതിപ്പെടാനോ പ്രസ്തുത വിവരം രക്ഷകർത്താക്കളെ അറിയിക്കാനോ ധൈര്യപ്പെടാത്ത സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) കോളേജ് വിദ്യാഭ്യാസ വകുപ്പ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, കണ്ണൂർ സർവ്വകലാശാല,സംസ്കൃത സർവ്വകലാശാല, ന്യുവാൽസ്, കുസാറ്റ് എന്നിവിടങ്ങളിൽ ഇത്തരത്തിലുള്ള സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള, എംജി, കാലികറ്റ് സർവ്വകലാശാലകളിൽ നിന്നുള്ള വിവരം ശേഖരിച്ച് വരുന്നു. |
| സി) എങ്കിൽ അദ്ധ്യാപകർ രക്ഷകർത്താക്കൾ, പരിസരത്തെ സാമൂഹ്യപ്രവർത്തകർ, പോലീസ് അധികാരികൾ, വനിതാ പ്രവർത്തകർ, മാധ്യമപ്രവർത്തകർ എന്നിവരുടെ സഹായത്തോടെ ഈ ദുഷ് പ്രവണത അവസാനിപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ? | സി) ആവശ്യമെന്നുകണ്ടാൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ

12